"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി -അടൂർ നഗരസഭയിൽ സാനിറ്റേഷൻ വർക്കർ -മരണപ്പെട്ട ശ്രീ.എ.എൻ.രവികുമാറിന്റെ മകൻ ശ്രീ.രഞ്ജിത്ത്കുമാർ.ആർ. -ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.61/2025/LSGD തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:-

1. സ.ഉ(പി) നം.12/99/ഉ.ഭ.പ.വ തീയതി 24.05.1999
2. ശ്രീ.ആർ.രഞ്ജിത്ത് കുമാർ സമർപ്പിച്ച 14.07.2022 തീയതിയിലെ ആശ്രിതനിയമന അപേക്ഷ
3. എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടറുടെ 10.01.2023തീയതിയിലെ -ലെ DUA/8804/2022-E4നമ്പർ കത്ത്
4. അടൂർ റവന്യുഡിവിഷണൽ ഓഫീസറുടെ27.10.2.023-ലെ RDOADR/1596/2023-A1 നമ്പർ കത്ത്
5. പത്തനംതിട്ട ജില്ലാ കളക്ടറുടെ 11.01.2024, 31.01.2024 & 14.05.2024 തീയതികളിലെ DCPTA/933/2023-S4- നമ്പർ കത്തുകൾ
6. പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ 23.12.2024 തീയതിയിലെ G3(b)-45507/2024/N നമ്പർ കത്ത്

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അടൂർ നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 25.02.2022 തീയതിയിൽ മരണപ്പെട്ട എ.എൻ.രവികുമാറിന്റെ മകൻ ശ്രീ.രഞ്ജിത്ത് കുമാർ. ആർ (സൗമ്യ ഭവനം, ചിരണിക്കൽ, പുതുമല പി.ഒ, കൊടുമൺ, പറക്കോട്, പത്തനംതിട്ട) പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.എ.എൻ.രവികുമാർ-ന്റെ ജനന തീയതി 03.11.1965-ഉം സർവീസിൽ പ്രവേശിച്ച തീയതി 01.03.1991 എന്നിങ്ങനെയാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാന്റെ സേവനകാലം 30വർഷം, 11മാസം, 24ദിവസം എന്നിങ്ങനെയാണ്. എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടറും പത്തനംതിട്ട ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് യഥാക്രമം പരാമർശം (3), (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) ശ്രീ. രഞ്ജിത്ത് കുമാർ. ആർ. പത്താംക്ലാസ്സ് വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുണ്ട്. ടിയാന്റെ ജനന തിയതി 20.07.1992 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (14.07.2022) സമർപ്പിച്ചുണ്ട്. ടിയാന്റെ കുടുബവാർഷിക വരുമാനം ₹5,38,461/ - (അഞ്ചു ലക്ഷത്തി മുപ്പത്തെണ്ണായിരത്തി നാനൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) ആണെന്ന് കൊടുമൺ വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത

നേടിയിട്ടുമുണ്ട്.

3) അപേക്ഷകന്റെ സഹോദരി ശ്രീമതി. സൗമ്യ അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമല്ല എന്ന് കാണിച്ച് 03.05.2023 ൽ അടൂർ തഹസിൽദാർ മുമ്പാകെയും 08.05.2023 ൽ അടൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയും 24.04.2023 ൽ ജില്ലാകളക്ടറുടെ ഓഫീസിലും 03.02.2024-ൽ സർക്കാരിലും പരാതി സമർപ്പിച്ചിരുന്നു. അത് കൂടാതെ അപേക്ഷകന്റെ അമ്മ ശ്രീമതി. സുധ.കെ സമർപ്പിച്ച പരാതിയിന്മേൽ ജില്ലാ കളക്ടറോട് വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാരിൽ നിന്നും നിർദേശിച്ചിരുന്നു. ആശ്രിത നിയമന അപേക്ഷയിന്മേൽ, അടൂർ നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 25.02.2022 തീയതിയിൽ മരണപ്പെട്ട പരേതനായ രവികുമാർ.എ.എൻ-ന്റെ ഭാര്യയും അപേക്ഷകൻ ശ്രീ.രഞ്ജിത്ത്കുമാർ.ആർ-ന്റെ മാതാവുമായ ശ്രീമതി.സുധ.കെ ആദ്യം സമ്മതപത്രം നൽകുകയും, പിന്നീട് പത്തനംതിട്ട അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മുമ്പാകെ വിളിച്ച് ചേർത്ത് ഹിയറിംഗിൽ മകന് ജോലി നൽകുന്നതിന് സമ്മതമല്ലെന്ന് മൊഴി നൽകുകയും ചെയ്ത സാഹചര്യത്തിൽ, പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി ശ്രീ.രഞ്ജിത്ത്കുമാർ.ആർ ജോലിക്ക് യോഗ്യനാണോ എന്നത് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് നൽകുന്നതിന് അടൂർ തഹസിൽദാരെ ചുമതലപ്പെടുത്തിയിരുന്നു. ആയതിൽ അടൂർ തഹസിൽദാർ ശ്രീമതി.സുധ.കെ-യെ നേരിൽ കേൾക്കുന്നതിന് 18.03.2024 തീയതി നിശ്ചയിച്ച് നൽകുകയും ടിയാൾ ഹാജരായി മൊഴി നൽകിയിട്ടുള്ളതുമാണ്. 11.07.2023-ൽ പത്തനംതിട്ട അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരായപ്പോൾ പ്രത്യേക മാനസികാവസ്ഥയിൽ മകനായ രഞ്ജിത്ത്കുമാർ.ആർ-ന് ജോലി നൽകുന്നതിന് വിസമ്മതം അറിയിച്ചതാണെന്നും എന്നാൽ മകന് ജോലി നൽകുന്നതിന് പൂർണ്ണ സമ്മതമാണെന്ന് പരപ്രേരണ കൂടാതെയും സ്വമനസ്സാലെയും ശ്രീമതി.സുധ.കെ മൊഴി നൽകിയിട്ടുള്ള വിവരം അടൂർ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശം (5) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ശ്രീമതി.സുധ, ശ്രീമതി.സൗമ്യ എന്നിവർ ശ്രീ.രഞ്ജിത്തിനെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളിൽ കാര്യമായി വസ്തുതകളില്ല എന്നും മകളുടെ തെറ്റായ സ്വാധീനവും പരാതിക്കാരിയുടെ മാനസിക ദൗർബല്യവുമാണ് പ്രസ്തുത ആക്ഷേപങ്ങൾക്കു കാരണം എന്നു അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട വിവരവും, പ്രസ്തുത പരാതി മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടേയും സംരക്ഷണവും, ക്ഷേമവും നിയമം 2007 പ്രകാരം പരിഗണിക്കേണ്ടതല്ലാ എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതായി പരാമർശം (4) പ്രകാരം അടൂർ റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

4) പരേതനായ രവികുമാർ എ.എൻ-ന്റെ മകൾ ശ്രീമതി.സൗമ്യ ടിയാളുടെ മാതാവ് 19/07/2024 ന് മരണപ്പെട്ടുവെന്നും മരണം അസ്വാഭാവികമായതിനാൽ പോലീസ് കേസെടുക്കുകയും അന്വേഷണം നടന്നുകൊണ്ടിരിക്കയുമാണെന്നും തന്റെ മാതാവിന്റെ മരണത്തിന് രഞ്ജിത്ത്, ഭാര്യ അമൃത എന്നിവരാണ് ഉത്തരവാദികൾ എന്ന് ആരോപിക്കുകയും നിയമ നടപടികൾ പൂർത്തിയാകുന്നതുവരെയും ആശ്രിതനിയമന ജോലിക്കായുള്ള സർക്കാർ ഫയലിന്മേൽ നടപടികൾ സ്വീകരിക്കരുതെന്ന് അപേക്ഷിച്ചിരുന്നു. തുടർന്ന് ജില്ലാ പോലിസ് മേധാവിയിൽ നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാകുന്നതുവരെ തുടർനടപടികൾ നിർത്തിവച്ചിരുന്നു. മേൽ വിഷയത്തിൽ പരാമർശം (6) പ്രകാരം അനുബന്ധ രേഖകൾ സഹിതം പത്തനംതിട്ട ജില്ലാ പൊലീസ് മേധാവി ലഭ്യമാക്കിയ റിപ്പോർട്ടിൽ, ടി ജോലി സഹോദരനു

നൽകരുതെന്ന് കാണിച്ച ഹർജി കക്ഷി നൽകിയ അപേക്ഷയിന്മേൽ നടത്തിയ അന്വേഷണത്തിൽ ഹർജികക്ഷിയും സഹോദരനും തമ്മിൽ ഹർജികക്ഷിയുടെ ഒന്നിൽ കൂടുതലുള്ള വൈവാഹിക ബന്ധങ്ങളെ ചൊല്ലി തർക്കങ്ങളും വഴക്കും ഉണ്ടാകുകയും, അച്ഛന്റെ ജോലിക്ക് തനിക്കും അവകാശം ഉണ്ടെന്നു കാണിച്ച അധികാര സ്ഥാപനങ്ങളിൽ വിവിധങ്ങളായ പരാതികൾ നൽകിയിട്ടുള്ളതും ആണെന്നും അച്ഛൻ രവികുമാറിന്റെ മരണാനന്തര ആനുകൂല്യത്തിൽ 4.5 ലക്ഷം രൂപയും, സഹോദരന് ആശ്രിത നിയമനം സമ്മതപത്രം നൽകുന്നതിനായി 50000/- രൂപയും ഹർജികക്ഷി വാങ്ങിയിട്ടുള്ളതായും അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും കൂടാതെ 2024 മെയ് മാസം ഹർജികക്ഷിയുടെ മാതാവായ സുധ അസുഖം മൂർച്ഛിച്ച് മരിക്കുന്നതു വരെ പെൻഷൻ ആനുകൂല്യങ്ങളും ഹർജികക്ഷി പറ്റിയിട്ടുള്ളതായി അയൽവാസികളോടും മറ്റും അന്വേഷിച്ചതിൽ ബോധ്യപ്പെട്ടിട്ടുള്ളതായും ഹർജികക്ഷി ഉന്നയിക്കുന്ന പരാതികളിൽ യാതൊരു വിധമായ കഴമ്പുകൾ ഒന്നും തന്നെ ഇല്ലായെന്നും രഞ്ജിത്കുമാർ അയാളുടെ മാതാപിതാക്കളെ മരണം വരെ നല്ലരീതിയിൽ ചികിത്സ നൽകി സംരക്ഷിച്ചിരുന്നതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 14(b) പ്രകാരം രണ്ട് ആശ്രിതർ തമ്മിൽ തർക്കമുണ്ടാകുമ്പോൾ വിധവ അല്ലെങ്കിൽ വിഭാര്യൻ ശിപാർശ ചെയ്യുന്ന ആശ്രിതനെയാണ് ആശ്രിതനിയമനത്തിനായി പരിഗണിക്കേണ്ടത്. ഈ കേസിൽ മരണപ്പെട്ട ശ്രീ എ.എൻ.രവികുമാറിന്റെ വിധവ ശ്രീ.രഞ്ജിത്ത്കുമാർ.ആർ-ന് ജോലി നൽകുന്നതിന് പൂർണ്ണ സമ്മതമാണെന്ന് ടിയാൾ മരണപ്പെടുന്നതിന് മുൻപ് മൊഴി നൽകിയിട്ടുമുണ്ട്. ശ്രീമതി.സൗമ്യ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളിൽ കഴമ്പില്ലായെന്ന് ജില്ലാ പൊലീസ് മേധാവിയും ശ്രീ.രഞ്ജിത്ത്കുമാർ.ആർ-ന് ജോലി നൽകാവുന്നതാണെന്ന് ജില്ലാകളക്ടറും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി.സൗമ്യ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുകയോ ജീവനക്കാരൻ മരണമടഞ്ഞ സമയത്ത് വിവാഹിതയായിരുന്ന ടിയാൾ ആശ്രിത സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ, ടിയാൾക്ക് ജോലി നൽകുന്നതിന് മാതാവിന്റെ സമ്മതപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ അടൂർ നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 25.02.2022 തീയതിയിൽ മരണപ്പെട്ട ശ്രീ.എ.എൻ.രവികുമാറിന്റെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനത്തിനായുള്ള മകൻ ശ്രീ.രഞ്ജിത്ത്കുമാർ.ആർ-ന്റെ അപേക്ഷ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 14(b) പ്രകാരം പരിഗണിക്കാവുന്നതാണ്.

6) മേൽ സാഹചര്യത്തിൽ അടൂർ നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 25.02.2022 തീയതിയിൽ മരണപ്പെട്ട എ.എൻ.രവികുമാറിന്റെ മകൻ ശ്രീ. രഞ്ജിത്ത് കുമാർ. ആർ. -ന് പത്തനംതിട്ട ജില്ലയിൽ ഏതെങ്കിലും നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%- ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

7) പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന

പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

8) ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം
ജില്ലാ കളക്ടർ, പത്തനംതിട്ട
സെക്രട്ടറി , അടൂർ നഗരസഭ
ശ്രീ.രഞ്ജിത്ത് കുമാർ.ആർ, സൗമ്യ ഭവനം, ചിരണിക്കൽ, പുതുമല പി.ഒ, കൊടുമൺ, പറക്കോട്, പത്തനംതിട്ട
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 28-03-2025 16:04:26
സെക്ഷൻ ഓഫീസർ